**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2459** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ സംവിധാനത്തിലുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയം എന്നിവ നിലവിൽ വന്നു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയത്തിലെയും ഉദ്യോഗസ്ഥ സംവിധാനം നിശ്ചയിച്ച് കൊണ്ട് 01.11.2022 ലെ സ.ഉ.(സാധാ) നം.2660/2022/LSGD നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതിൻ പ്രകാരം മേൽ ഓഫീസുകൾ പ്രവർത്തിച്ച് വരുന്നതുമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ/ ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 22.03.2023ലെ സ.ഉ (കൈ) നം. 79/2023/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി ചട്ടം പാലിച്ച് 2023 ലെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടത്തിയിട്ടുള്ളതാണ്. |
| (ബി) | ഇന്റഗ്രേഷൻ നടപടികൾ മൂലം ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിന്മേൽ ജീവനക്കാർക്ക് പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെൽ നിലവിൽ വന്നിട്ടുണ്ട്. ടി സെല്ലിൽ ലഭിക്കുന്ന പരാതികളിന്മേൽ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരെ സ്പാർക്ക് സംവിധാനത്തിന്റെ | (സി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ |

| | | | |
|---|---|---|---|
| | ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ